പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2026 01.02.2018 ൽ മറുപടിയ്ക്ക്

ഡ്രൈവിംഗ് പഠനത്തിലെ പോരായ്മകൾ

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഡ്രൈവിംഗ് പഠനത്തിലെ പോരായ്മകൾ റോഡപകടങ്ങൾക്ക് വഴി തെളിക്കുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പൊതുനിരത്തിൽ വാഹനമോടിക്കുമ്പോൾ റോഡ് നിയമങ്ങൾ പാലിക്കാതെ നിയമ ലംഘനങ്ങൾ നടത്തുന്നതാണ് മിക്കപ്പോഴും റോഡ് അപകടങ്ങൾക്ക് വഴി തെളിക്കുന്നത്.ഡ്രൈവിംഗ് പഠനത്തിലെ പോരായ്മയും ഇതിന് കാരണമാകുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ ഡ്രൈവിംഗ് സ്കൂളുകളെ കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദീകരിക്കുമോ; | (ബി)<br>&<br>(സി) | ഡ്രൈവിംഗ് സ്കൂളുകളുടെ നിലവാരം ഉയർത്തി നല്ല ഡ്രൈവർമാരെ വാർത്തെടുക്കുക എന്ന ഉദ്ദേശ്യത്തിലാണ് മലപ്പുറം ജില്ലയിലെ എടപ്പാളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ടെസ്റ്റിംഗ് ആന്റ് റിസർച്ച് (IDTR) ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ടുള്ളത്. കേരളം മുഴുവനും ഡ്രൈവിംഗ് ടെസ്റ്റിന് ഏകീകൃത സിലബസ് നടപ്പിലാക്കുക, അടിസ്ഥാനപരമായ കാര്യങ്ങൾ ഡ്രൈവർമാരെ പഠിപ്പിക്കുക എന്നതും ഇതിന്റെ ലക്ഷ്യങ്ങളാണ്. അഞ്ചു ദിവസം നീണ്ടു നിൽക്കുന്ന പരിശീലനം നൽകി ഡ്രൈവിംഗ് സ്കൂൾ പരിശീലകർക്ക് സർട്ടിഫിക്കറ്റ് നൽകുന്നു. നിലവിൽ കേന്ദ്ര മോട്ടോർ വാഹന നിയമമനുസരിച്ചാണ് ഡ്രൈവിംഗ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിരിക്കുന്നത്. |
| (സി) | ഡ്രൈവിംഗ് സ്കൂളുകളെ ഏകീകൃത സംവിധാനത്തിന് കീഴിൽ കൊണ്ടുവരുന്നതിനും പരിശീലനത്തിന് പാഠ്യപദ്ധതി തയ്യാറാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ